"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്-ആട്ടോകാസ്റ്റ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-21 സാമ്പത്തിക വർഷത്തിൽ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**വ്യവസായ(ഡി) വകുപ്പ്**

സ.ഉ.(കൈ) നം.97/2022/ID   തീയതി,തിരുവനന്തപുരം, 25-09-2022

---

പരാമർശം:- 1. ആട്ടോകാസ്റ്റ് മാനേജിംഗ് ഡയറക്ടറുടെ 13/12/2021 ലെ എകെ എൽ/പി ഇ ആ ർ/16 എ/ 796, 01/02/2022 ലെ എകെ എൽ/പി ഇ ആ ർ/16എ , 26/05/2022 ലെ എകെ എൽ/പി ഇ ആ ർ/16 എ/160 എന്നീ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

2020-21 സാമ്പത്തിക വർഷത്തിൽ ബോണസ് അർഹത പരിഗണിക്കാതെ ബോണസ്/എക്സ്ഗ്രേഷ്യ ഇനത്തിൽ ആട്ടോകാസ്റ്റിലെ യോഗ്യരായ എല്ലാ തൊഴിലാളി വിഭാഗം ജീവനക്കാർക്കും 10000 രൂപയും എല്ലാ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്കും 7500 രൂപയും വീതം വിതരണം ചെയ്ത നടപടി സാധൂകരിക്കണമെന്ന് പരാമർശത്തിലെ കത്തുകൾ പ്രകാരം ആട്ടോകാസ്റ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻറെ അടിസ്ഥാനത്തിൽ ബോണസ് അർഹത പരിഗണിക്കാതെ ബോണസ്/എക്സ്ഗ്രേഷ്യ ഇനത്തിൽ ആട്ടോകാസ്റ്റിലെ യോഗ്യരായ എല്ലാ തൊഴിലാളി വിഭാഗം ജീവനക്കാർക്കും 10000 രൂപയും എല്ലാ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്കും 7500 രൂപയും വീതം വിതരണം ചെയ്ത ആട്ടോകാസ്റ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ,ആട്ടോകാസ്റ്റ് ലിമിറ്റഡ്, എസ് എൻ പുരം, ചേർത്തല
ഡയറക്ടർ ബോർഡ് അംഗങ്ങൾ(എംഡി മുഖേന)
അക്കൗണ്ടൻറ് ജനറൽ(എ& ഇ/ ആഡിറ്റ് II),കേരളം, തിരുവനന്തപുരം
ധനകാര്യവകുപ്പ് (22/07/2022 ലെ E1-214355//PUD2/92/2022-FIN )
തൊഴിൽ വകുപ്പ് ( 28/06/2022 ലെ LBRD-D1/80/2022-LBRD)
പൊതുഭരണ(എസ് സി) വകുപ്പ് ( ഇനം നമ്പർ 1067 പ്രകാരം)
വിവരപൊതുജനസമ്പർക്ക വകുപ്പ്( വെബ്& ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-09-2022

ഫയൽ നം. ഡി2/3/2022/ഐ.എൻ.ഡി. ഇനം നം: 1067

വിഷയം : വ്യവസായ വകുപ്പ് - ആട്ടോകാസ്റ്റ് ലിമിറ്റഡിൽ 2020-21 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി2/3/2022-ഐഎൻഡി |
| 2 | വകുപ്പ് | : | വ്യവസായ വകുപ്പ് |
| 3 | വിഷയം | : | വ്യവസായ വകുപ്പ് - ആട്ടോകാസ്റ്റ് ലിമിറ്റഡിൽ 2020-21 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 01/09/2022 Note # 46 DF |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ. |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഉണ്ട്. |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | | ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി എം എ റജീന ബീഗം |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എ. പി.എം.മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയുടെ കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 14-9-2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി. പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 15-9-2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20/9/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്

ആട്ടോകാസ്റ്റ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-21 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ആട്ടോകാസ്റ്റിലെ ജീവനക്കാർക്ക് കഴിഞ്ഞ കുറെ വർഷങ്ങളായി മിനിമം ബോണസിന് പുറമേ എക്സ്ഗ്രേഷ്യ ഇനത്തിൽ ഒരു തുക നൽകിവരുന്നുണ്ട്. ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അവരുടെ ആവശ്യം കണക്കിലെടുത്ത് 2019-20 വർഷം നൽകിയ തുകയിൽ അധികരിക്കാത്ത രീതിയിൽ 2021-ൽ ബോണസ് യോഗ്യത പരിഗണിക്കാതെ യോഗ്യരായ എല്ലാ തൊഴിലാളി വിഭാഗം ജീവനക്കാർക്ക് 10,000/- രൂപയും യോഗ്യരായ എല്ലാ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക് 7500/- രൂപയും എക്സ്ഗ്രേഷ്യയായി വിതരണം ചെയ്തിരുന്നു. 0/11/2021-ൽ ചേർന്ന ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെ 164-ാമത് ഡയറക്ടർ ബോർഡ് യോഗം ആട്ടോകാസ്റ്റിലെ അർഹരായ ജീവനക്കാർക്ക്, 2020-21 സാമ്പത്തിക വർഷം എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുകയുണ്ടായി. ~~ഇപ്രകാരം~~ 2020-2021 സാമ്പത്തിക വർഷത്തിൽ ജീവനക്കാർക്ക് എക്സ്ഗ്രേഷ്യയായി 24,92,033/- രൂപ നൽകിയ നടപടി സാധൂകരിച്ച് നൽകണമെന്ന് ആട്ടോകാസ്റ്റ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുകയാണ്.

3) 2020 - 21 സാമ്പത്തിക വർഷത്തിൽ എക്സ്ഗ്രേഷ്യയായി വിതരണം ചെയ്ത തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| SL No. | Category | No. of employees | Amount | Total amount(Rs) |
|---|---|---|---|---|
| 1 | Workmen | 248 | 10,000 /- | 20,73,780 /- |
| 2 | Executives | 79 | 7500 /- | 4,18,253 /- |
| Total | | | | 24,92,033 /- |

4) തുടർന്ന്, നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി എക്സ്ഗ്രേഷ്യ വിതരണം ചെയ്ത കാര്യത്തിൽ ആട്ടോകാസ്റ്റ് മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. 05/08/2021 ലെ സ.ഉ.(അച്ചടി) നം.61/2021/തൊഴിൽ സർക്കാർ ഉത്തരവിലെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് 2020-2021 ലെ എക്സ്ഗ്രേഷ്യ വിതരണം ചെയ്തതെന്നും ടി ഉത്തരവിലെ ക്ലോസ് 17 പ്രകാരം "പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2020-2021 വർഷത്തെ ബോണസ്, എക്സ്ഗ്രേഷ്യ പെർഫോമൻസ് ലിങ്ക്ഡ് ഇൻസന്റീവ്, ഇൻസന്റീവ് ഫെസ്റ്റിവൽ ഗിഫ്റ്റ് മുതലായവ അനുവദിക്കുന്നത് 2019-20 ലെ തുകയിൽ അധികരിക്കുവാൻ പാടില്ല"എന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ ക്ലോസ് 18 പ്രകാരം "ബോണസ് നിശ്ചയിക്കുമ്പോൾ കഴിഞ്ഞ വർഷം നൽകിയ തുകയേക്കാൾ കുറവാണെങ്കിൽ മുൻ വർഷം നൽകിയ ബോണസ് തുക തന്നെ നൽകേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരുന്നു." 2019-20 ലെ കാലയളവിൽ എല്ലാ തൊഴിലാളി വിഭാഗം ജീവനക്കാർക്കും 10,000/- രൂപയും എല്ലാ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്കും 7500/- രൂപയും ആണ് നൽകിയിരുന്നതെന്നും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

P3 CF

4 Flag A

P6 CF

5) ആട്ടോകാസ്റ്റ് ലിമിറ്റഡിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യ അനുവദിച്ച വിഷയത്തിൽ തൊഴിൽ വകുപ്പ് രേഖപ്പെടുത്തിയ അഭിപ്രായം താഴെ ചേർക്കുന്നു.

"ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ബോണസ് ഗൈഡ് ലൈൻസിലെ 05/08/2021 ലെ സ.ഉ.(അച്ചടി)നം.61/2021/തൊഴിൽ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ബോണസും മറ്റു ആനുകൂല്യങ്ങളും നല്കിയതെങ്കിൽ പ്രസ്തുത നടപടിയോട് വകുപ്പ് യോജിക്കുന്നില്ല." NF para 26

6) ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ ചേർക്കുന്നു.

"തൊഴിൽ വകുപ്പ് പുറപ്പെടുവിച്ചിരിക്കുന്ന സ.ഉ (അച്ചടി)നം. 61/2021/ തൊഴിൽ തീയതി 05.08.2021 ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തി ഭരണവകുപ്പു തന്നെ ഈ വിഷയത്തിൽ തീരുമാനമെടുക്കേണ്ടതാണെന്ന് അറിയിക്കുന്നു." NF para 38

7) 2020 - 21 ലെ എക്സ്ഗ്രേഷ്യ തുക ഇതിനകം നൽകി കഴിഞ്ഞതിനാലും ബോണസ് സംബന്ധിച്ച മാർഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിയാനമുള്ളതിനാലും ആട്ടോകാസ്റ്റ് ലിമിറ്റഡിൽ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കേണ്ടതായിട്ടുണ്ട്.

8) ഇക്കാര്യത്തിൽ തീരുമാനത്തിനായി ഫയൽ ബഹു. വ്യവസായ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്യുകയും വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

**<u>തീരുമാനിക്കേണ്ട കാര്യം</u>**

തൊഴിലും നൈപുണ്യവും, ധനകാര്യവും വകുപ്പുകളുടെ അഭിപ്രായത്തെ മറികടന്ന് ബോണസ് അർഹത പരിഗണിക്കാതെ ആട്ടോകാസ്റ്റിലെ യോഗ്യരായ എല്ലാ തൊഴിലാളി വിഭാഗം ജീവനക്കാർക്കും 10,000/- രൂപയും എല്ലാ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്കും 7500/- രൂപയും വീതം 2020 - 21 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യയായി വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കാമോ?

12/9/22

12/9/22

14/9/22

20/9/22.